**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**5540**

18-11-2019 ൽ മറുപടിയ്ക്ക്

## തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ സംബന്ധിച്ച മുൻഗണനാ പട്ടിക സർക്കാരിന്റെ പരിഗണന യിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) ഉണ്ട്. സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ച് വരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) ഈ പട്ടികയിലുൾപ്പെടുന്ന തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ടും ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| സി) തൃത്താല ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരി ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | സി) സർക്കാർ അംഗീകരിക്കുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നപക്ഷം, ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യ കത, അടിയന്തര പ്രാധാന്യം, സ്ഥല ലഭ്യത, ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ